# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4287 — 03/02/2014 ലെ മറുപടിയ്ക്ക്

### പട്ടികജാതി വിഭാഗത്തിലെ പ്രൊഫഷണൽ വിദ്യാർത്ഥികൾക്കുള്ള സഹായ പദ്ധതി

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | ഉത്തരം<br>ശ്രീ. എ.പി. അനിൽ കുമാർ<br>(പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |
|---|---|
| (എ) പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിലെ വിദ്യാർത്ഥികൾക്ക് ഇപ്പോൾ നൽകി വരുന്ന സഹായ പദ്ധതികൾ എന്തൊക്കെയാണ് എന്ന് വിശദമാക്കാമോ ; ഇവർക്ക് ലഭിക്കുന്ന സ്റ്റൈപ്പന്റ്, ഹോസ്റ്റലിൽ താമസിക്കുന്നവർക്ക് ലഭിക്കുന്ന പോക്കറ്റ് മണി, ലംപ്സംഗ്രാന്റ് തുടങ്ങിയവ എത്ര വീതമാണ് എന്ന് വ്യക്തമാക്കാമോ; കോളേജ് ഹോസ്റ്റലുകളിൽ അല്ലാതെ താമസിച്ച് പഠനം നടത്തുന്നവർക്ക് ഇപ്പോൾ എന്തൊക്കെ സൗകര്യങ്ങളാണ് സർക്കാർ നൽകി വരുന്നത്; | (എ) പ്രൊഫഷണൽ കോഴ്സുകൾക്ക് പഠിക്കുന്ന, വിദ്യാഭ്യാസാനുകൂല്യത്തിന് അർഹതയുള്ള പട്ടികജാതി വിദ്യാർത്ഥികൾക്ക് 8 കി. മീ. ന് ഉള്ളിൽ താമസിച്ച് പഠിക്കുന്നവർക്ക് 500 രൂപയും 8 കി. മീ. ന് പുറത്ത് താമസിച്ച് പഠിക്കുന്നവർക്ക് 600 രൂപയും പ്രതിമാസ സ്റ്റൈപ്പന്റ് അനുവദിച്ച് വരുന്നു. സ.ഉ.06/12/ പജപവവിവ തീയതി 11/01/2012 പ്രകാരം വിവിധ കോഴ്സുകൾക്ക് ലംപ്സംഗ്രാന്റിനത്തിൽ 800 രൂപ മുതൽ 2500 രൂപ വരെ വിവിധ നിരക്കുകളിൽ അനുവദിച്ച് വരുന്നു. കൂടാതെ ട്യൂഷൻ ഫീസ്, സ്പെഷ്യൽ ഫീസ്, പരീക്ഷാ ഫീസ് എന്നിവ സർക്കാർ/സർക്കാർ അംഗീകൃത ഏജൻസി നിശ്ചയിച്ച നിരക്കിൽ അനുവദിച്ച് വരുന്നു. സർക്കാർ/അംഗീകൃത ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നവർക്ക് യഥാർത്ഥ താമസ ഭക്ഷണ ചെലവും വകുപ്പിന്റെ ഹോസ്റ്റലിൽ താമസിച്ച് പഠിക്കുന്നവർക്ക് സൗജന്യ താമസ ഭക്ഷണവും കൂടാതെ പോക്കറ്റ് മണിയായി 150 രൂപയും അനുവദിച്ചു വരുന്നു. ഹോസ്റ്റൽ സൗകര്യമില്ലാത്ത സ്ഥാപനങ്ങളിൽ പഠിക്കുന്നവർക്ക് 1500/- രൂപ പ്രതിമാസ സ്റ്റൈപ്പന്റായി നൽകിവരുന്നു. |

| | | | |
|---|---|---|---|
| (ബി) | എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് നൽകുന്ന പദ്ധതി എന്നാണാരംഭിച്ചത്; സംസ്ഥാനത്തെ സർക്കാർ, എയിഡഡ്, സ്വാശ്രയ മേഖലകളിലെ എല്ലാ വിദ്യാർത്ഥികൾക്കും ഇത് അനുവദിക്കുന്നുണ്ടോ ; ഏത് കമ്പനിയുടെ ലാപ് ടോപ്പാണ് നൽകുന്നത്; കഴിഞ്ഞ വർഷം വരെ അഡ്മിഷൻ നേടിയ എല്ലാ വിദ്യാർത്ഥികൾക്കും ഇത് നൽകിക്കഴിഞ്ഞോ ; | (ബി) | മെഡിക്കൽ/എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്ന പദ്ധതി 2012-13 അദ്ധ്യയനവർഷം മുതൽ ആരംഭിച്ചു. ടി വർഷത്തിൽ 1-ാം വർഷവും 2-ാം വർഷവും MBBS/B.Tech കോഴ്സിന് സംസ്ഥാനത്തിനകത്ത് പഠിക്കുന്ന വകുപ്പിൽ നിന്ന് വിദ്യാഭ്യാസ ആനുകൂല്യത്തിന് അർഹരായ സർക്കാർ, എയിഡഡ്, സ്വാശ്രയ മേഖലകളിലെ പട്ടികജാതി വിദ്യാർത്ഥികൾക്ക് 12/10/2012 സ.ഉ(എം.എസ്)നം.131/2012/പജപവവിവ പ്രകാരം ലാപ് ടോപ് അനുവദിച്ചിരുന്നു. 3750 ലാപ് ടോപ്പുകൾ അനുവദിച്ചിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തികവർഷം DELL കമ്പനിയുടെ ലാപ് ടോപ്പാണ് വാങ്ങി നൽകിയത്. ഒന്നും രണ്ടും വർഷം MBBS/B.Tech കോഴ്സുകളിൽ പഠിക്കുന്നവർക്ക് മാത്രം ലാപ് ടോപ് വാങ്ങി നൽകുന്നതിനാണ് തീരുമാനിച്ചത്. ആയതിനാൽ അഡ്മിഷൻ നേടിയ എല്ലാ വിദ്യാർത്ഥികൾക്കും ഇത് അനുവദിക്കാൻ കഴിയില്ല. |
| (സി) | ഈ അക്കാദമിക് വർഷം അഡ്മിഷൻ ലഭിച്ച വിദ്യാർത്ഥികൾക്ക് ഈ പദ്ധതിയനുസരിച്ചുള്ള ലാപ് ടോപ്പുകൾ വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ; എന്നത്തേയ്ക്ക് ഇത് വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ? | (സി) | ഈ അക്കാദമിക് വർഷം ഒന്നാംവർഷ MBBS/B.Tech കോഴ്സുകളിൽ പഠിക്കുന്നവർക്കും, രണ്ടാംവർഷ M.Tech, കോഴ്സിനു പഠിക്കുന്ന വിദ്യാർത്ഥികൾക്കും ലാപ് ടോപ് വാങ്ങി നൽകുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം തന്നെ ലാപ് ടോപ്പുകൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ